# THE MALANKARA ORTHODOX SYRIAN CHURCH
## CATHOLICATE OF THE EAST

**Adv. Biju Oommen**
ASSOCIATION SECRETARY
CATHOLICATE OFFICE
DEVALOKAM P.O.
KOTTAYAM - 686 004
KERALA, INDIA
Tel: 0481 2577500
E-mail: catholicateoffice@mosc.in

Res : Muringasseril, Eraviperoor P. O,
Thiruvalla, Pathanamthitta 689 542.
Mob. : 94475 95550
E-mail:
muringasseril.bijuoommen@gmail.com


21-12-2018

## 2018 ഡിസംബർ മാസം 21–ാം തീയതി ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയോഗ നിശ്ചയപ്രകാരം 2018 ഡിസംബർ മാസം 23–ാം തീയതി ഞായറാഴ്ച സഭയുടെ കീഴിലുള്ള ദൈവാലയങ്ങളിലും, മെത്രാസന കേന്ദ്രങ്ങളിലും നടത്തേണ്ട പരിപാടികൾ

1. 23–12–2018 ഞായറാഴ്ച സഭയോടുള്ള നീതിനിഷേധത്തിൽ കേരള സർക്കാരിനെതിരെ പ്രതിഷേധദിനമായി ആചരിക്കുക.
2. ഇടവകയിൽ വി. കുർബ്ബാനയ്ക്കു ശേഷം പ്രതിഷേധയോഗങ്ങൾ ക്രമീകരിക്കുകയും സഭയുടെ നിലപാടുകൾ വ്യക്തമാക്കുകയും ചെയ്യുക.
3. പ്രതിഷേധ പ്രമേയത്തിന്റെ മാതൃക (ഇംഗ്ലീഷിലും മലയാളത്തിലും) നൽകിയിരിക്കുന്നു. ആയത് വായിച്ച് പാസ്സാക്കുകയും, പള്ളിയുടെ ലെറ്റർ ഹെഡിൽ പ്രസ്തുത മാറ്റർ തയ്യാറാക്കി ഇംഗ്ലീഷിലുള്ളത് കേന്ദ്ര സർക്കാരിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പേരിലും, മലയാളത്തിൽ/ഇംഗ്ലീഷിൽ കേരള സംസ്ഥാന സർക്കാരിന് ബഹു. മുഖ്യമന്ത്രിയുടെ പേരിലും അയച്ചുകൊടുക്കുകയും, ആ വിവരം പ. ബാവാതിരുമേനിയെ രേഖാമൂലം അറിയിക്കുകയും ചെയ്യുക.
4. ഇടവകയുടെ ആഭിമുഖ്യത്തിലുള്ള സാമൂഹിക മാധ്യമ (Social Media) കൂട്ടായ്മകളിലൂടെയുള്ള ഓഡിയോ, വീഡിയോ സന്ദേശങ്ങൾ, രചനകൾ എന്നിവവഴി പ. സഭയുടെ നീതിപൂർവ്വമായ നിലപാടിന് സാധൂകരണം നൽകുന്നതിന് പ്രവർത്തിക്കുക.
5. സഭ നേരിടുന്ന നീതിനിഷേധം അവസാനിപ്പിക്കുവാനും നീതി ഉറപ്പാക്കുവാനും ആവശ്യപ്പെട്ടുകൊണ്ടുള്ള പോസ്റ്ററുകൾ, ബാനറുകൾ മുതലായവ തയ്യാറാക്കി പ്രദർശിപ്പിക്കുക.
6. സഭയിലെ ആത്മീകസംഘടനകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.

(പ്രസിദ്ധീകരണം: കാതോലിക്കേറ്റ് ഓഫീസ്)

For private circulation only

അഡ്വ. ബിജു ഉമ്മൻ